നാസിഹ്

# ഗുജറാത്ത് വംശഹത്യയുടെ ബാക്കിപത്രം

**സ്വതന്ത്ര** ഇന്ത്യ കണ്ട ഏറ്റവും ഭീകരമായ വംശഹത്യക്കു ശേഷം അഞ്ചു വർഷം പിന്നിട്ടെങ്കിലും ഗുജറാത്തിലെ മുസ്‌ലിംകളുടെ സ്ഥിതി ദയനീയമായി തുടരുകയാണ്. ആസൂത്രിതമായ നരനായാട്ടിനെ തുടർന്ന് സർവം വിട്ടേച്ച് ഓടി രക്ഷപ്പെട്ട രണ്ട് ലക്ഷത്തോളം പേരിൽ ഭൂരിഭാഗത്തിനും സ്വന്തം വീടുകളിലേക്ക് മടങ്ങാൻ കഴിഞ്ഞിട്ടില്ല. അതിനേക്കാൾ നടുക്കമുളവാക്കുന്നതാണ് മുപ്പതിനായിരത്തോളം പേർ ഇപ്പോഴും 81 ദുരിതാശ്വാസ ക്യാമ്പുകളിലായി പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത ടെന്റുകളിലും മറ്റും നരകിച്ചുകഴിയുകയാണെന്നത്. എട്ടും പത്തും അംഗങ്ങളുള്ള കുടുംബങ്ങൾ ഒറ്റ ടെന്റിൽ കഴിയുന്ന അനുഭവം പോലുമുണ്ട്. വെള്ളം, വൈദ്യുതി, പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള മതിയായ സൗകര്യം തുടങ്ങിയവയൊന്നും ക്യാമ്പുകളിലില്ല. പലയിടത്തും മാലിന്യക്കൂമ്പാരങ്ങൾക്കിടയിലാണ് ഇത്തരം ക്യാമ്പുകൾ. അഹ്മദാബാദ് നഗരത്തിൽ വർക്ക്ഷോപ്പുകൾക്കും നഗര മാലിന്യങ്ങൾക്കുമിടയിലെ കോളനികളിലാണ് വംശഹത്യയെ തുടർന്ന് ഭവനരഹിതരായവർ ജീവിതം തള്ളിനീക്കുന്നത്. മാലിന്യം നിറഞ്ഞ ചുറ്റുപാടിൽ കഴിയുന്നതിനാൽ ദുരിതാശ്വാസ ക്യാമ്പുകളിൽ ഇടക്കിടെ പകർച്ചവ്യാധി പടർന്നുപിടിക്കുന്നു. ഈ കൊടും ദുരിതങ്ങൾക്കിടയിലും ജീവനു ഭീഷണിയില്ലല്ലോ എന്നതു മാത്രമാണ് അവരുടെ ആശ്വാസം.

ഭവനരഹിതരായവരിൽ കുറേ പേർക്ക് സന്നദ്ധ സംഘടനകൾ സുരക്ഷാഭീഷണിയില്ലാത്ത സ്ഥലങ്ങളിൽ വീടുകളും ഹൗസിംഗ് കോളനികളും നിർമിച്ചുനൽകിയിട്ടുണ്ട്. കൊലയും കൊള്ളയും കൊള്ളിവെപ്പും അവസാനിച്ച ശേഷം ഇവരിലേറെ പേരും വീടുകളിലേക്ക് തിരിച്ചു ചെല്ലാൻ ശ്രമിച്ചതായിരുന്നു. പക്ഷേ, പലരുടെ വീടുകളും അക്രമികൾ കൈയേറിയിരിക്കുകയാണ്. ചിലരെ അവരുടെ വീടുകളിൽ താമസിപ്പിക്കാൻ വർഗീയവാദികൾ സമ്മതിക്കുന്നുമില്ല. കുറ്റവാളികൾക്കെതിരായി നൽകിയ കേസുകൾ പിൻവലിക്കുക, സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ടു കഴിയുക, ലൗഡ് സ്പീക്കറിലൂടെ ബാങ്ക് വിളിക്കാതിരിക്കുക തുടങ്ങി മതപരിവർത്തനത്തിനു തയാറാകണമെന്നുവരെയുള്ള നിബന്ധനകളാണ് വീട്ടിലേക്കു തിരിച്ചു ചെല്ലുന്നവർക്ക് മുമ്പിൽ വെക്കുന്നത്.

ഗുജറാത്തിലെ മിക്ക പ്രദേശങ്ങളിലും മുസ്‌ലിംകൾ സാമൂഹികവും സാമ്പത്തികവുമായ ഭ്രഷ്ട് നേരിട്ടുകൊണ്ടിരിക്കുകയാണ്. മുസ്‌ലിംകളെ ഒറ്റപ്പെടുത്താൻ ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനാൽ 2002-ൽ പ്രശ്നങ്ങളില്ലാതിരുന്ന സ്ഥലങ്ങളിൽനിന്നുപോലും മുസ്‌ലിംകൾ കുടിയൊഴിച്ച് പോയി മുസ്‌ലിം കേന്ദ്രങ്ങളിൽ ചെന്നു താമസിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യമാണുള്ളത്. മുസ്‌ലിംകളായ ഉന്നത ഉദ്യോഗസ്ഥരും ഡോക്ടർമാരും എഞ്ചിനീയർമാരും അഭിഭാഷകരും ബിസിനസ്സുകാരും വരെ സുരക്ഷയെ കരുതി മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലേക്ക് താമസം മാറ്റുന്നു. കുടിയൊഴിച്ചുപോകുന്നവരുടെയും അഭയാർഥിക്യാമ്പുകളിലും കോളനികളിലും കഴിയുന്നവരുടെയും ഭൂമി ചുളുവിലയ്ക്ക് തട്ടിയെടുക്കുന്ന ലോബിയും സജീവമാണ്. പറയുന്ന പണം കൊടുത്താൽ പോലും ഗുജറാത്തിന്റെ പല ഭാഗങ്ങളിലും മുസ്‌ലിംകൾക്ക് സ്ഥലവും ഫ്ളാറ്റും ലഭിക്കില്ല. ലോഡ്ജിൽ റൂം കിട്ടാൻ പോലും പ്രയാസമാണ്. നേരത്തേതന്നെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മുസ്‌ലിംകോളനികൾ പുതിയ കുടിയേറ്റം കാരണം ജനപ്പെരുപ്പം കൊണ്ട് വീർപ്പുമുട്ടുകയാണ്. ഏകദേശം മൂന്നു ലക്ഷം മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന ജുഹാപുര വലിയൊരു മുസ്‌ലിംചേരിയായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടേക്ക് ഒരു സർക്കാർ ബസ് പോലും സർവീസ് നടത്തുന്നില്ല. മുസ്‌ലിംകൾ പാർക്കുന്ന പ്രദേശങ്ങളോട് അധികൃതർ കാണിക്കുന്ന അവഗണന വളരെ പ്രകടമാണ്. പൊട്ടിപ്പൊളിഞ്ഞ റോഡുകളും കത്താത്ത തെരുവുവിളക്കുകളും വെള്ളമില്ലാത്ത ടാപ്പുകളുമെല്ലാം ഗുജറാത്തിൽ മുസ്‌ലിംപ്രദേശങ്ങൾ തിരിച്ചറിയാനുള്ള അടയാളങ്ങളാണ്. തൊട്ടടുത്തുള്ള ഹിന്ദു കോളനികളിൽ നേർവിപരീതാവസ്ഥയും കാണാം.

വംശഹത്യ ആസൂത്രണം ചെയ്യുകയും അത് നടപ്പിലാക്കുകയും പരസ്യമായി കൊലയിലും കൊള്ളയിലും കൊള്ളിവെപ്പിലുമേർപ്പെടുകയും ചെയ്തവർ ഭരിക്കുകയും വിലസി നടക്കുകയുമൊക്കെ ചെയ്യുമ്പോൾ കലാപത്തിന്റെ പേരിൽ തടവിൽ കഴിയുന്നവരിൽ ബഹുഭൂരിഭാഗവും അതിന്റെ ഇരകളാണ്. നരോദപാട്യയിൽ പൈശാചികമായ കൂട്ടക്കൊലക്ക് നേതൃത്വം നൽകിയതായി സാക്ഷികൾ ചൂണ്ടിക്കാട്ടുന്ന ബാബു ബജ്റംഗി ഗുജറാത്തിലുടനീളം വർഗീയവിഷം ചീറ്റിക്കൊണ്ട് നടക്കുന്നുണ്ട്. ഇയാളുടെ ഭീഷണി കാരണം ഗുജറാത്ത് വംശഹത്യ ഇതിവൃത്തമായ 'പർസാനിയ' എന്ന സിനിമ ഗുജറാത്തിലൊരു തിയേറ്ററിലും പ്രദർശിപ്പിക്കപ്പെട്ടില്ല. കലാപകാരികൾക്ക് നേതൃത്വം നൽകിയ മന്ത്രിമാരും പോലീസുദ്യോഗസ്ഥരുമടക്കമുള്ളവർക്ക് യാതൊരു പോറലുമേറ്റിട്ടില്ല. മറുഭാഗത്ത്, റദ്ദാക്കപ്പെട്ട കരിനിയമമായ പോട്ട പ്രകാരം പോലും 87 മുസ്‌ലിംകൾ ഇപ്പോഴും തടവിൽ കഴിയുന്നുണ്ട്. ഗോധ്ര ട്രെയിനിന് തീവെക്കാൻ ഗൂഢാലോചന നടത്തി എന്നാണ് ഇവർക്കെതിരിലുള്ള കുറ്റം. യഥാർഥത്തിൽ ഗോധ്രയിൽ സംഭവിച്ചതെന്താണെന്നത് ദുരൂഹതയായി അവശേഷിക്കുകയാണ്. ശാസ്ത്രീയ പരീക്ഷണ നിരീക്ഷണങ്ങളോടെ അന്വേഷണം നടത്തിയ ജസ്റ്റിസ് ബാനർജി കമ്മിറ്റി പുറത്തുനിന്ന് തീവെക്കാൻ ഒരു സാധ്യതയുമില്ലെന്ന് തീർത്തു പറഞ്ഞിട്ടുണ്ട്. ഇവരെ ഇനിയും പോട്ട പ്രകാരം തടവിലിടുന്നതിന് നീതീകരണമില്ലെന്ന് പോട്ട റിവ്യൂ കമ്മിറ്റി കഴിഞ്ഞ വർഷം പ്രഖ്യാപിക്കുകയും ചെയ്തു. എന്നിട്ടും ഈ നിരപരാധികളെ വിട്ടയക്കാൻ മോഡി ഭരണകൂടം തയാറായിട്ടില്ല. കൊല്ലപ്പെട്ട മുൻ എം.പി ഇഹ്സാൻ ജഅ്ഫരിയുടെ വിധവ സകിയ്യ ജഅ്ഫരി നരേന്ദ്ര മോഡിയടക്കം 62 പേർക്കെതിരെ പോലീസിൽ പരാതി നൽകിയിരുന്നുവെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. 4252-ൽ പകുതിയിലേറെയും കേസുകളിൽ ഗുജറാത്ത് പോലീസ് അന്വേഷണം അവസാനിപ്പിക്കുകയുണ്ടായി. ചാർജ്ഷീറ്റ് തയാറാക്കാൻ തെളിവില്ലെന്നു പറഞ്ഞ പോലീസ് തന്നെയാണ് പല തെളിവുകളും നശിപ്പിച്ചിട്ടുള്ളത്. സംഭവത്തിന് സാക്ഷികളായവരുടെ മൊഴി പോലീസ് സ്വീകരിക്കാൻ തയാറായില്ല. സുപ്രീം കോടതി പുനരന്വേഷണത്തിന് ഉത്തരവിട്ടതിനെ തുടർന്ന് രണ്ടായിരത്തിലേറെ കേസുകളിൽ ഔപചാരികമായി അന്വേഷണം പുനരാരംഭിച്ചിട്ടുണ്ടെങ്കിലും കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല.

ചട്ടവിരുദ്ധമായി കേസ് അവസാനിപ്പിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുമില്ല.

സാക്ഷികൾ കടുത്ത സമ്മർദവും ഭീഷണിയും നേരിടുകയാണ്. സാക്ഷികളെ കള്ളക്കേസുകളിൽ പെടുത്തി പീഡിപ്പിക്കുന്നുമുണ്ട്. നരോദപാട്യ കേസിൽ ഹിന്ദുത്വ നേതാക്കൾക്കെതിരെ മൊഴി നൽകിയവരെ ഒരു കൊലക്കേസിൽ പെടുത്തി തടവിലിട്ടിരിക്കുകയാണ്. ബെസ്റ്റ് ബേക്കറി കേസിൽ മൊഴി മാറ്റിപ്പറഞ്ഞതിന്റെ പേരിൽ സഹീറാ ശൈഖ് ശിക്ഷിക്കപ്പെട്ടെങ്കിലും തന്നെ ഭീഷണിപ്പെടുത്തി മൊഴി മാറ്റിച്ചതായി സഹീറ പരാതിപ്പെട്ട ബി.ജെ.പി എം.എൽ.എയെക്കുറിച്ച് ഒരന്വേഷണവും നടന്നിട്ടില്ല. ലൂനാവാഡയിൽ ആളുകളെ കൊന്ന് രഹസ്യമായി കുഴിച്ചുമൂടിയവർക്കെതിരെയല്ല, ജഡങ്ങൾ കണ്ടെത്തി പുറത്തെടുത്തവർക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്. ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരെയും ബന്ധുക്കളെയും കള്ളക്കേസുകളിൽ പെടുത്തി പ്രതികാരം ചെയ്യുന്നുമുണ്ട്.

വംശഹത്യക്ക് ഉത്തരവാദികളായവർക്ക് മുഴുവൻ തക്ക ശിക്ഷ നൽകുകയും കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സാമ്പത്തികവും മറ്റുമായ കഷ്ടനഷ്ടങ്ങൾക്കിരയായവർക്കും ന്യായമായ നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നതുവരെ ഗുജറാത്തിന്റെ മുറിവ് ഉണങ്ങുകയില്ല. പക്ഷേ, അഞ്ചു വർഷത്തിനു ശേഷവും അങ്ങനെയൊരു പ്രതീക്ഷക്ക് വകനൽകുന്ന അന്തരീക്ഷമല്ല ഗുജറാത്തിലുള്ളത്. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും മുറവിളി ഉയർന്നപ്പോൾ നിർബന്ധിതാവസ്ഥയിൽ തുറന്ന അഭയാർഥിക്യാമ്പുകൾ അഭയാർഥികളെ പുനരധിവസിപ്പിക്കുന്നതിനു മുമ്പ് 'കുട്ടികളെ ഉണ്ടാക്കുന്ന ഫാക്ടറികൾ തുടരാൻ അനുവദിക്കില്ല' എന്നു പറഞ്ഞ് അടച്ചുപൂട്ടിയ മോഡി, ഭരണത്തിൽ തുടരുവോളം നീതിയെക്കുറിച്ചും നഷ്ടപരിഹാരത്തെക്കുറിച്ചും പ്രതീക്ഷ വേണ്ട. ആയിരങ്ങൾ ഇപ്പോഴും അഭയാർഥിക്യാമ്പുകളിൽ കഴിയുമ്പോഴും കേന്ദ്രം നൽകിയ 19 കോടി രൂപ, എല്ലാവരെയും പുനരധിവസിപ്പിച്ചുവെന്ന് കള്ളം പറഞ്ഞ് മോഡി തിരിച്ചുനൽകുകയായിരുന്നു. ഗവൺമെന്റിൽനിന്ന് ന്യായമായ നഷ്ടപരിഹാരം ആർക്കും ലഭിച്ചിട്ടില്ല. വലിയ സംഖ്യയായ 40,000 രൂപ 15 കുടുംബങ്ങൾക്കു മാത്രമാണ് ലഭിച്ചത്. കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച സഹായധനം സംസ്ഥാന സർക്കാർ സംവിധാനത്തിലൂടെ അർഹരായവരുടെ കൈയിലെത്തുമോ എന്ന് സംശയമാണ്. മോഡി കേന്ദ്ര പാക്കേജിനെ വിമർശിക്കുകയാണ് ചെയ്തത്. ഗുജറാത്ത് കോൺഗ്രസ്സിന്റെ മൃദു ഹിന്ദുത്വരോഗം മാറിയിട്ടില്ലെന്നാണ് പാക്കേജിനോടുള്ള പ്രതിപക്ഷ നേതാവിന്റെ പ്രതികരണം തെളിയിച്ചത്. കൊല്ലപ്പെട്ട 250 ഹിന്ദുക്കൾക്കടക്കമുള്ളതാണ് കേന്ദ്ര പാക്കേജെന്നും അത് ആർക്കെല്ലാം നൽകണമെന്ന് സംസ്ഥാന സർക്കാറിന് തീരുമാനിക്കാം എന്നുമാണ് കോൺഗ്രസ്സുകാരനായ പ്രതിപക്ഷനേതാവ് പറഞ്ഞത്. കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സാമ്പത്തിക സഹായം പ്രഖ്യാപിക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തിട്ടുള്ളത്. പുനരധിവാസ പദ്ധതിയില്ലാത്തതിനാൽ ഇതിനെ പാക്കേജ് എന്ന് വിളിക്കാനാവില്ലെന്നാണ് ദുരിതാശ്വാസ പ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല പ്രമുഖരും പറയുന്നത്. 1984-ലെ സിഖ്‌വിരുദ്ധ കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ പ്രഖ്യാപിച്ചിരിക്കെ ഗുജറാത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് മൂന്ന് ലക്ഷം രൂപയേ പ്രഖ്യാപിച്ചിട്ടുള്ളൂവെന്നത് പ്രകടമായ അനീതിയാണുതാനും. എന്നിരുന്നാലും ഈ സംഖ്യയെങ്കിലും അർഹരുടെ കൈകളിലെത്തിയാൽ അവർക്ക് അതൊരു കച്ചിത്തുരുമ്പായേനെ.

പുറമേക്ക് ഇപ്പോൾ സംഘർഷങ്ങളൊന്നും കാണാനില്ലെങ്കിലും ഗുജറാത്തിലെ ജനങ്ങൾക്കിടയിൽ ഭീതിയും വിദ്വേഷവും നിലനിൽക്കുന്നുണ്ട്. രണ്ടു മാസത്തിലേറെ നീണ്ട വംശഹത്യക്കു ശേഷം അഞ്ചാണ്ട് കഴിഞ്ഞെങ്കിലും ബഹുഭൂരിപക്ഷത്തിന്റെയും മനഃസ്ഥിതിയിൽ മാറ്റം വന്നിട്ടില്ല. ജനങ്ങൾ പരസ്പരം അടുക്കാനാവാത്ത വിധം വർഗീയമായി ധ്രുവീകരിക്കപ്പെട്ടിരിക്കുന്നു. കൂട്ടക്കൊലയിൽ പങ്കെടുക്കുകയോ അതിനോട് അനുഭാവം പ്രകടിപ്പിക്കുകയോ ചെയ്തവർ ഇന്നും മുസ്‌ലിംകളെ ഒരു പാഠം പഠിപ്പിക്കാൻ കഴിഞ്ഞു എന്ന ചാരിതാർഥ്യത്തിലാണ്. ഗുജറാത്തഭിമാന (ഗുജറാത്തി അസ്മിദ)ത്തിന്റെ പേരിൽ എന്തു നിഷ്ഠുരതയും ന്യായീകരിക്കപ്പെടുന്നു. എതിർവീക്ഷണങ്ങളോട് ഹിംസാത്മകമായ അസഹിഷ്ണുത പ്രകടപ്പിക്കുന്ന അവസ്ഥയിലേക്ക് മധ്യവർഗമനസ്സ് മാറിയിരിക്കുന്നു. നർമദ ബച്ചാവോ ആന്ദോളൻ ഓഫീസ് തകർക്കുകയും മേധാ പട്കറെ ആക്രമിക്കുകയും ചെയ്തത് അതിന്റെ തെളിവാണ്. വംശഹത്യയെക്കുറിച്ച് പരാമർശിക്കുന്നതും കുറ്റവാളികൾ ശിക്ഷിക്കപ്പെടണമെന്ന് ആവശ്യപ്പെടുന്നതും ഗുജറാത്തിനെ അപമാനിക്കലാണെന്ന വിചിത്ര നിലപാടാണിവർക്ക്. വംശഹത്യക്കിരയായവർക്ക് അത് കിട്ടേണ്ടതുതന്നെയാണെന്നും ഇനിയെങ്കിലും അവർ നാവടക്കി അടങ്ങിയിരുന്നുകൊള്ളണമെന്നുമാണ് മധ്യവർഗത്തിൽപെട്ട ഭൂരിഭാഗവും ചിന്തിക്കുന്നത്.

ഗുജറാത്തിലെ ദലിത്, ആദിവാസി, പിന്നാക്ക ജാതികളെ ഹൈജാക്ക് ചെയ്യാൻ കഴിഞ്ഞതാണ് ഹിന്ദുത്വവാദികളുടെ വലിയ നേട്ടം. ക്ഷത്രിയ, ഹരിജൻ, ആദിവാസി, മുസ്‌ലിം ഐക്യത്തിന്റെ പിൻബലത്തിൽ കുറേ കാലം കോൺഗ്രസ് ഭരിച്ച സംസ്ഥാനമാണ് ഗുജറാത്ത്. പക്ഷേ, ആ ഐക്യം ആസൂത്രിതമായി തകർക്കാൻ വർഗീയവാദികൾക്ക് കഴിഞ്ഞു. പുതിയ സാമ്പത്തിക നയങ്ങളുടെ ഫലമായി ധനിക-ദരിദ്ര വിടവ് വർധിക്കുകയും ദാരിദ്ര്യം വ്യാപിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതുയർത്തുന്ന രോഷത്തെ വർഗീയ ധ്രുവീകരണത്തിലൂടെയാണ് മോഡിയും കൂട്ടരും മറികടക്കുന്നത്. എല്ലാ പ്രശ്നങ്ങൾക്കും കാരണം മുസ്‌ലിംകളാണെന്ന് തെറ്റിദ്ധരിപ്പിക്കുന്നതിലൂടെ ഭരണവിരുദ്ധവികാരത്തെ മറികടക്കാനും ബി.ജെ.പിക്ക് അനുകൂലമായി വോട്ട് ഏകീകരിക്കാനും കഴിയുന്നു. ഈ വർഷാവസാനം തെരഞ്ഞെടുപ്പ് നടക്കുമെങ്കിലും ഭരണമാറ്റം പ്രതീക്ഷിക്കുന്നവർ കുറവാണ്. ബി.ജെ.പിയുടെ ബി ടീം മാത്രമായ ഗുജറാത്തിലെ കോൺഗ്രസ്സിൽ പ്രതീക്ഷക്കു വകയില്ല താനും. ഗാന്ധിജിയുടെ ജന്മനാടിന് ഫാഷിസത്തിന്റെ പിടിയിൽനിന്ന് ഉടനെയൊന്നും മോചനമില്ലെന്ന സൂചനയാണ് നിലവിലുള്ള സാഹചര്യം നൽകുന്നത്. ■